# ക്ലാസ്സ് പി.ടി.എ മോഡ്യൂൾ
# ഡയറ്റ് പാലക്കാട്

( സ്വാമിനാഥ വിദ്യാലയത്തിന് തയ്യാറാക്കി നൽകിയത്)

കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗത്ത് പുത്തൻ ഉണർവ്വുണ്ടാക്കുന്നതിനായി ഗവർമ്മെന്റ് പൊതു വിദ്യാഭ്യാസ സംരക്ഷണം,ഹരിത കേരളം എന്നിങ്ങനെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. ഇത്തരം ഇടപെലുകളുടെ ഫലമായി കേരളത്തിൽ പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ വർദ്ധിച്ചുവരുന്നു.പൊതു വിദ്യാലങ്ങളെ രക്ഷിതാക്കൾ വിശ്വാസ ത്തിലെടുക്കുന്നതിന്റെ തെളിവാണ് ഇത്. രക്ഷിതാക്കളുടെ ഈ വിശ്വാസം നിലനിർത്താനും , അവരുടെ പ്രതീക്ഷയെ നിറവേറ്റാനും ഇനി ഗുണനിലവാരം ഉയർത്താനുള്ള നടപടികൾ നാം കൂടുതൽ ശക്തിപ്പെടുത്തണം.

സെഷൻ ഒന്ന് -20 മിനുറ്റ്

പ്രീ ടെസ്റ്റ് ഫല വിശകലനം

പ്രീ ടെസ്റ്റിൽ ഉന്നയിച്ച് പ്രവർത്തനങ്ങളുടെ പഠന നേട്ടങ്ങൾ, അതിൽ കുട്ടിയുടെ പ്രകടനം ഇവ വെച്ച് ഒരു ലഘു അവതരണം നടത്തണം

ഉദാ

വായിച്ച് ആശയം ഗ്രഹിക്കുന്നു. എന്ന പഠന നേട്ടം ഉറപ്പ് വരുത്താൻ രണ്ടു പ്രവർത്തനം നൽകി

1) കുളത്തിലെ മീനുകൾ എന്ന കഥ വായിക്കാൻ നൽകി. തുടർന്ന് കഥ വായിച്ച് ആശയങ്ങൾ നേടിയോ എന്നറിയാൻ മൂന്ന് ചോദ്യങ്ങൾ നൽകി.കുട്ടികളെക്കൊണ്ട് ഉത്തരം സ്വയം എഴുതിച്ചു.

2) വയലിന്റെ വിവരണം വായിക്കാൻ നൽകി ആശയങ്ങൾ ക്രമം തെറ്റിച്ച് 4 വാക്യം നൽകി .വായിക്കാൻ അറിഞ്ഞാൽ ക്രമത്തിലാക്കാൻ പറ്റുന്ന പ്രവർത്തനമാണത്.

3) ഒരു പദ സൂര്യൻ നിർമ്മിക്കുന്ന പ്രവർത്തനമാണ് മൂന്നാമത് നൽകിയത്.ഇത് വീടിന്റെ വിവരണത്തിൽ നിന്നും പദങ്ങൾ വായിച്ചെടുത്ത് പൂരിപ്പിക്കേണ്ടതാണ്. പദങ്ങൾ വായിച്ച് തെരഞ്ഞെടുക്കാനുള്ള കഴിവുണ്ടോ? എന്നാണ് ഇതിലൂടെ അറിയുക

എഴുതിയ ഉത്തരങ്ങൾ പരിശോധിച്ചപ്പോൾ

ഒന്നാമത്തെ പ്രവർത്തനത്തിൽ ശരിയായ ഉത്തരം തെറ്റു കൂടാതെ എഴുതിയവർ- 45 ൽ 20 പേർ അതായത് ഇവർക്ക് നല്ല രീതിയിൽ വായിക്കാനും ആശയം ഗ്രഹിക്കാനും കഴിവുണ്ട്

എന്നാൽ ഈ പ്രവർത്തനത്തിൽ പിറകിലാണെങ്കിലും ക്രമപ്പെടുത്താൻ കഴിഞ്ഞവരുണ്ട്. അവർക്ക് വായിക്കാൻ അറിയാം. ഏറെക്കുറെ ആശയങ്ങളും കണ്ടെത്താനാവും എന്നാൽ പൂർണ മായ രീതിയിൽ ഇല്ല. ഇവർ-45 ൽ 9 പേർ ഈ തരക്കാരാണ്.

പദങ്ങൾ വായിക്കാനും തെറ്റാതെ എഴുതാനും കഴിഞ്ഞവർ- 45 ൽ 6 പേർ

ചിഹ്നം,ദീർഘം,പുള്ളികൾ ഇവ തെറ്റിച്ച് ആശയം വ്യക്തമായി എഴുതാൻ കഴിയാത്തവർ- 45/4

അക്ഷരം മുഴുവൻ ലഭിക്കാതെ, എല്ലാ ചിഹ്നങ്ങളുംതെറ്റിച്ചും എഴുതുന്നവരും തീരെ എഴുതാത്ത വരും- 45/6 അതായത് 20 എ,ഗ്രേഡ് 9 ബി ഗ്രേഡ്, 6 സി ഗ്രേഡ്, 4 ഡി ഗ്രേഡ്, 6 ഇ ഗ്രേഡ്

ഈ 25 പേരെ ആദ്യ 20 പേരുടെ നിലയിലേക്ക് ഉയർത്തലാണ് ലക്ഷ്യം

സെഷൻ 2 20 മിനുറ്റ്

ഇതിന്നായി വരാൻ പോകുന്ന പാഠഭാഗങ്ങളിൽ നൽകുന്ന പഠനനേട്ടങ്ങൾ- അവക്കു നൽകുന്ന പ്രവർത്തനങ്ങൾ

ഉദാ നാലാം ക്ലാസ്സിലെ കുട്ടി ആദ്യത്തെ യൂണിറ്റിൽ ഭാഷയിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ വായനക്കു നൽകുന്നു.വിശദാംശങ്ങൾ ചർച്ച ചെയ്യുന്നു.അനുബന്ധം)

ഇതിൽ കുട്ടിയെ രക്ഷിതാവ് എങ്ങനെ സഹായിക്കണം

1. വീട്ടിൽ വന്നാൽ സ്കൂളിൽ അന്നു പഠിച്ചതെന്തൊക്കെയെന്നു ചോദിക്കുക
2. നാളേക്ക് തയ്യാറാക്കാനുള്ള-എഴുതാനുള്ളവ എന്തെന്ന് ചോദിക്കുക .കുട്ടി ഒന്നു മില്ല എന്നു പറയുന്നത് മാത്രം പരിഗണിക്കരുത്.വേണമെങ്കിൽ അധ്യാപിക ,അടുത്ത കൂട്ടുകാരൻ /കൂട്ടുകാരി എന്നിവരെ വിളിച്ച് കാര്യങ്ങൾ അന്വേഷിക്കാം
3. പഠന സമയം കൃത്യതപ്പെടുത്തുക. 7 മുതൽ 8.30 വരെ പുസ്തകം വായന,നാളേക്കുള്ള പ്രവർത്തനം ചെയ്യൽ എന്നിവ ഉറപ്പാക്കുക.ഈ സമയം ടി.വി കാണാൻ അനുവദിക്കരുത്.നിങ്ങളും അതു പാലിക്കുക
4. ........ഇതുപോലെ പ്രസക്തമായവ

സെഷൻ 3

എന്താണ് പൊതു വിദ്യഭ്യാസ സംരക്ഷണ യജ്ഞം.ഇതിന്റെ ഭാഗമായി എന്തൊക്കെ മാറ്റം വിദ്യലയത്തിൽ ഉണ്ടാവുമെന്ന് വിശദമാക്കുക

ഉദാ

1. പരീക്ഷ പരിഷ്കരിക്കും- ചോദ്യബാങ്ക്, രൂപീകരിക്കൽ,എളുപ്പമുള്ള ചോദ്യങ്ങൾ 50%

ഉയർന്ന നിലവാര ചോദ്യങ്ങൾ ഉണ്ടാവും മത്സരപരീക്ഷകളെ നേരിടാൻ പ്രാപ്തരാക്കാൻ.കുട്ടിക്ക് ഓപ്ഷൻ ലഭിക്കും കുറച്ചു ചോദ്യം സ്വയം തെരഞ്ഞെടുക്കാം.

2. ഭൌതിക സൌകര്യങ്ങൾ വർദ്ധിക്കും ഹൈ ടെക് സ്കൂൾ, കമ്പ്യൂട്ടർ പാഠങ്ങൾ മുതലായവ ലഭ്യമാകും
3. ഉച്ചഭക്ഷണം നല്ല രീതിയിൽ ലഭ്യാമാകും ,യൂണിഫോം,ബുക്ക് എന്നിവ സമയബന്ധിതമായി ലഭിക്കും.
4. ഒന്നാം ക്ലാസ്സുമുതൽ ഐ.ടി പഠനം നടത്തും.

ഹരിത കേരളം– സ്കൂളിൽ ജൈവ വൈവിധ്യപാർക്, പച്ചക്കറിത്തോട്ടം,3 കോടി മരങ്ങൾ ഒരു വർഷം വെച്ച് പിടിപ്പിക്കും. മഴക്കുഴി നിർമ്മാണം .ശുചിത്വകേരളം മുതാലായവ

ആർദ്രം– ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ,ജൂൺ 21 യോഗ ദിനമാണ് അന്ന് കുട്ടിയെ സ്കൂളിലേക്ക് നേരത്തെ വിടണം.ലഘുഭക്ഷണം മാത്രമേ അന്ന് നൽകാവൂ.

ലൈഫ്– മുഴവൻ ആളുകൾക്കും സുരക്ഷിതമായ വീട് ഒരുക്കും. നമ്മുടെ കുട്ടികളുടെ ഇടയിലും ഇത്തരം കുട്ടികളുണ്ടാകാം .സഹായ മനോഭാവം വളർത്തുന്ന ഏതെങ്കിലും പരിപാടി വിദ്യാലയം ആസൂത്രണം ചെയ്തത് വിശദമാക്കാം( സഹപാഠിക്കൊരു വീട്)

സെഷൻ നാല്

പൊതുവായ കാര്യങ്ങൾ

രാവിലെ നൽകുന്ന ഭക്ഷണം എന്തൊക്കെയാണ്? ആരൊക്കെ യാണ് പൊറാട്ട സ്ഥിരമായി വാങ്ങിക്കൊടുക്കാറുള്ളത്. ഫാസ്റ്റ് ഫുഡ് എന്താണ്?

രാവിലെ എണ്ണപ്പലഹാരം നൽകിയാൽ എന്താണ് കുഴപ്പം?

കല്യാണത്തിനും ആഘോഷങ്ങൾക്കും കുട്ടികൾ സ്ഥിരം പോയാൽ പഠനത്തെ അതെങ്ങനെ ബാധിക്കും

രാവിലെ എപ്പോഴാണ് എഴുന്നേൽക്കുന്നത്?

പകർച്ച പനി, പോലുള്ള അസുഖങ്ങൾ എങ്ങനെ തടയാം?

കുട്ടി പഠിക്കുന്ന സ്ഥലത്ത് വെളിച്ചമുണ്ടോ? നല്ല വെളിച്ചം ലഭിക്കാതെ വായിക്കുമ്പോൾ കണ്ണിന് എന്തു പറ്റും?

സ്ഥിരമായി കൊച്ചു ടി.വി കാർട്ടൂൺ ചാനൽ കാണാൻ വാശി പിടിക്കുമോ? എങ്ങനെ ഇതിൽ നിന്ന് മോചനം നേടാം ഇത്തരത്തിൽ ലളിതമെന്നു തോന്നുന്ന എന്നാൽ ദീർഘ കാലാടിസ്ഥാനത്തിൽ ദോഷം ചെയ്യുന്ന വസ്തുതകൾ ബോധവൽക്കരണം

**സ്കൂളിൽ അടുത്താഴ്ച നടക്കുന്ന പ്രധാന പരിപാടി അതിൽ രക്ഷിതാക്കളുടെ പങ്ക്– വായനാവാരം**

- ജൂൺ 19 ന് വായനക്കാലം തുടങ്ങുന്നു. പക്ഷാചരണമാണ് രണ്ടാഴ്ച വായനക്ക് ഊന്നൽ
- എല്ലാ ക്ലാസ്സിലും ലൈബ്രറി എന്നതാണ് ഈ വർഷത്തെ ലക്ഷ്യം .ഇതിന് പുസ്തകം സംഭരിക്കണം.രക്ഷിതാക്കൾ പിറന്നാളിന് പുസ്തകം സംഭാവന ചെയ്യാൻ നിർബന്ധിക്കണം
- പുസ്തക കിറ്റ് തരാൻ തയ്യാറായവർ ഉണ്ടോ?
- വായനാപരിപാടി എന്തൊക്കെ യെന്ന് വിശദമാക്കണം
- ഒരു ദിവസം അമ്മ മാരുടെ വായനാനുഭവം പറയിക്കാം. ( വായനാപോഷണ പരിപാടി അനുബന്ധം 2)
- ജൂൺ 21 യോഗ ദിവസം (നേരത്തെ വിശദമാക്കിയിട്ടുണ്ട്)

ramdietpalakkad@gmail.com